**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 382** **23-07-2021 - ൽ മറുപടിയ്ക്ക്**

**പഠനമുറി നിർമിച്ചു നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri K. Radhakrishnan (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച നിലവിലെ പദ്ധതികൾ ഏതൊക്കെ; ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം I ആയും പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം II ആയും ചേർക്കുന്നു. |
| (ബി) | കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി നിർമിച്ചു നൽകുന്ന പദ്ധതി പ്രകാരം എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ; | (ബി) | 92 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയ തുക എത്രയെന്നു വ്യക്തമാക്കാമോ; | (സി) | 1,84,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ഇതുവരെ നിർമ്മിച്ച പഠനമുറികളുടെ എണ്ണവും, ചെലവഴിച്ച തുകയും എത്രയെന്നു വ്യക്തമാക്കാമോ? | (ഡി) | 92 പഠനമുറികൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയതിൽ 53 പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 39 പഠനമുറികളുടെ നിർമ്മാണം വിവിധഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ഇതിനായി 1,53,20,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം – I

1. . പഠനമുറി പദ്ധതി:

സംസ്ഥാനത്തെ ഗവൺമെന്റ്/ടെക്നിക്കൽ/എയ്ഡഡ്/ സ്പെഷ്യൽ/ സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒരു ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി വകുപ്പ് 2017-18 മുതൽ നടപ്പാക്കുന്നുണ്ട്.

2. പട്ടികജാതി വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം വർദ്ധിപ്പിച്ചു നൽകുകയുണ്ടായി.

3. ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഡിപ്ലോമ (കമ്പ്യൂട്ടർ സയൻസ്), ബി.എസ്.സി (കമ്പ്യൂട്ടർ സയൻസ്), എം.എസ്.സി (കമ്പ്യൂട്ടർ സയൻസ്, എം.എസ്.സി (ഇലക്ട്രോണിക്സ്) എം.ബി.ബി.എസ്, ബി.എ.എം.എസ്., ബി.എച്ച്.എം.എസ്, ബി.വി.എസ്.സി & എ.എച്ച്, എം.ബി.എ, ബി.ആർക്, എം.ഫിൽ, പി.എച്ച്.ഡിഎന്നീ കോഴ്സുകളിൽ ഒന്നാം വർഷം പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിനായി പരമാവധി 25,000/- രൂപവരെ അനുവദിക്കുന്നു.

4. ബി.ടെക് വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക കോച്ചിംഗ് നൽകുന്ന പദ്ധതി ആവിഷ്കരിച്ചു.

5. ബി.ടെക് കോഴ്സ് പൂർത്തിയായവരും എന്നാൽ ഡിഗ്രി ലഭിക്കാത്തവരുമായ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് അവർ തോറ്റ വിഷയങ്ങൾക്കായി പ്രത്യേക ക്ലാസ് നടത്തുന്നതിനായി റെമഡിയൽ കോച്ചിംഗ് നടത്തുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. IHRD യുടെ മോഡൽ ഫിനിഷിംഗ് സ്കൂൾ (തിരുവനന്തപുരം) മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

6. നൃത്ത സംഗീത വിഷയങ്ങളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

7. 5 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് എഡ്യൂക്കേഷൻ എയ്ഡായി 2000/- രൂപാ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി. കുട, ബാഗ്, ഷൂ, യൂണിഫോം എന്നിവ വാങ്ങുന്നതിനാണ് ധനസഹായം വിഭാവന ചെയ്യുന്നത്.

8. വിദേശ പഠനത്തിന് ധനസഹായം നൽകുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശം പുറത്തിറക്കി.

9. സ്വാശ്രയ കോളേജുകളിലെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ആക്ച്വൽ ബോർഡിംഗ് & ലോഡ്ജിംഗ് ചാർജ്ജായി പരമാവധി 4500/- രൂപ വരെ നൽകുന്നു.

10. +2 പഠനത്തിനുശേഷം മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു. +2 പരീക്ഷയിൽ ബയോളജി, ഫിസിക്സ്, കെമിസ്ട്രി, കണക്ക്, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് ബി+ ഗ്രേഡിൽ കുറയാത്ത മാർക്ക് വാങ്ങി വിജയിച്ച എസ്.സി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ജില്ലാ കളക്ടറും, ജില്ലാ പട്ടികജാതി വികസന ഓഫീസറും ചേർന്ന സമിതി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾ മുഖേന മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസിന് ഒരു വർഷത്തേയ്ക്ക് പരിശീലനം നൽകുന്ന പദ്ധതിയാണിത്. ഫീസിനത്തിൽ 54,000/- രൂപാ വീതം 1000 കുട്ടികൾക്ക് ഒരു വർഷം തുക അനുവദിച്ച് വരുന്നു.

11. വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയിൽ ഭൗതിക സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി 30 പട്ടികജാതി വിദ്യാർത്ഥികൾക്കായി ഒരു പോസ്റ്റ് ഗ്രാജ്വേറ്റ് ജേണലിസം ഡിപ്ലോമ കോഴ്സ് ആരംഭിച്ചിട്ടുണ്ട്. ജനറൽ നോളഡ്ജ്, കറന്റ് അഫയേഴ്സ്, ഹിസ്റ്ററി, കൾച്ചർ, ലാ, കോൺസ്റ്റിറ്റ്യൂഷൻ, മീഡിയ ടെക്നോളജി, ഇന്റർനെറ്റ്, ക്രിയേറ്റീവ് റൈറ്റിംഗ്, ഫിലിം, അപ്രീസിയേഷൻ, ഭാഷാ വൈദഗ്ധ്യം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കോഴ്സാണ് പോസ്റ്റ് ഗ്രാജ്വേറ്റ് ജേണലിസം ഡിപ്ലോമ കോഴ്സ്. തിരുവനന്തപുരം പ്രസ് ക്ലബ് ജേർണലിസം ഇൻസ്റ്റിറ്റ്യൂട്ടാണ് കോഴ്സ് നടത്തുന്നത്.

12. കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ പരീക്ഷാ പരിശീലനം നടത്തി വരുന്ന പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് (സ്ഥാപനത്തിന് നൽകുന്നു).

13. കൂടാതെ ICSETS മുഖേന പ്രവേശന പരീക്ഷ നടത്തി തെരഞ്ഞെടുക്കുന്ന 30 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തെ മികച്ച സ്ഥാപനങ്ങളിൽ ചേർന്ന് സിവിൽ സർവ്വീസ് പരിശീലനം നടത്തുന്നതിനായി "ലക്ഷ്യ സ്കോളർഷിപ്പ്" എന്ന പേരിൽ ഒരു പദ്ധതി 2019-20 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

<u>പ്രൈവറ്റ് അക്കോമഡേഷൻ</u>

സംസ്ഥാന സർക്കാരിന്റെ പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹതയുള്ളതും, സർക്കാരിന്റെയോ, വകുപ്പിന്റെയോ, സ്ഥാപനത്തിന്റെയോ ഹോസ്റ്റലിൽ പ്രവേശനം ലഭിക്കാത്തതുമായ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസാനുകൂല്യം

ഭിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് പ്രൈവറ്റ് അക്കോമഡേഷൻ. ഈ പദ്ധതി പ്രകാരം ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 4500/- രൂപ വീതം ഹോസ്റ്റൽ ഫീസാനുകൂല്യം നൽകി വരുന്നുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി എറണാകുളം ജില്ലയിലെ ആലുവയിൽ പെൺകുട്ടികൾക്കായുള്ള ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലും തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ ആൺകുട്ടികൾക്കായി ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലും, ഇടുക്കി ജില്ലയിലെ നെടുങ്കണ്ടത്ത് പെൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റലും പ്രവർത്തനം ആരംഭിച്ചു

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് (?) മനിശ്ശേരിയിൽ ആൺകുട്ടികൾക്കായുള്ള ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ കെട്ടിടവും ചേർത്തലയിൽ പെൺകുട്ടികൾക്കായുള്ള ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ കെട്ടിടവും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറയിൽ കിഫ്ബി ധനസഹായത്തോടെ പെൺകുട്ടികൾക്കായുള്ള ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ ആലുവയിൽ ആൺകുട്ടികൾക്കായുള്ള ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ കെട്ടിടവും കണ്ണൂർ ജില്ലയിലെ താനയിൽ ആൺകുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ കെട്ടിടവും കതിരൂരിൽ ആൺകുട്ടികൾക്കായുള്ള ഒരു പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടവും കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച് വരുന്നു.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിലെ മരുതോങ്കരയിൽ പെൺകുട്ടികൾക്കായുള്ള ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പെരിങ്ങോമിൽ ആൺകുട്ടികൾക്കുള്ള എം.വി.ആർ.എസിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് കാസർഗോഡ് ജില്ലയിലെ വെള്ളച്ചാൽ എം.ആർ.എസിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം-II

**പ്രീമെട്രിക് വിദ്യാഭ്യാസം**

1 മുതൽ 10-ാം ക്ലാസ്സ് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിൽ ഉണ്ടാകുന്ന ചെലവുകൾക്കായി ലംപ്സംഗ്രാൻറ് കൂടാതെ പ്രതിമാസ സ്റ്റൈപൻറ് ഇവ നൽകി വരുന്നു.

**9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കേന്ദ്ര സർക്കാർ സ്കോളർഷിപ്പ്**

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ഇനത്തിലും , പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാൻറ് ഇനത്തിലും സാമ്പത്തിക സഹായം നൽകുന്നു.

**ഗോത്രസാരഥി പദ്ധതി**

ദുർഘടവും വിദൂരവുമായ കോളനികളിൽ നിന്നും കുട്ടികളെ സ്കൂളിൽ പോയി വരാൻ സഹായിക്കുന്ന പദ്ധതിയാണ് ഗോത്ര സാരഥി.

**ലാപ്ടോപ്പ് വിതരണ പദ്ധതി**

അംഗീകൃത യൂണിവേഴ്സിറ്റി/സ്ഥാപനങ്ങൾ പ്രൊഫഷണൽ കോഴ്സുകൾക്ക് രണ്ടാം വർഷം പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം നടത്തുന്ന പദ്ധതി.

**പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി**

പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പത്താം ക്ലാസിന് മുകളിൽ പഠിക്കുന്നവർക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തു വരുന്നു. ആയതിൽ സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് സംസ്ഥാന സർക്കാരിന്റെ നിബന്ധനകൾ പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യവും കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടി സ്കീമിന്റെ കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള അർഹമായ വിദ്യാഭ്യാസാനുകൂല്യവും നൽകി വരുന്നു.

**മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം**

മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000 -രൂപയ്ക്കു താഴെ)പ്രാരംഭ ചെലവിനത്തിൽ 5,000 - രൂപ ധനസഹായം നൽകി വരുന്നു.

**സംസ്ഥാനത്തിന് പുറത്തുള്ള പഠനം**

സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചു വരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നു. കൂടാതെ

...ഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ച് വരുന്നു.

**<u>വിദേശ പഠനത്തിനുള്ള ധനസഹായ പദ്ധതി</u>**

കേരളത്തിന് അകത്ത് സ്ഥിരം താമസക്കാരായവരും, ബിരുദ പഠനത്തിന് 50% മാർക്കിനു മുകളിൽ ഉള്ളവരും, 35 വയസ്സിന് താഴെയുള്ളവരും, IELTS/GRE/TOEFL എന്നീ ടെസ്റ്റുകളിൽ നിശ്ചിത ഗ്രേഡ് ഉള്ളവരും, പഠനം നടത്താൻ ഉദ്ദേശിക്കുന്ന വിദേശസ്ഥാപനത്തിൽ നിന്നും ഓഫർ ലെറ്റർ ലഭിച്ചവരും ആയിട്ടുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ചേർന്ന് പഠനം നടത്തുന്നതിന് ഉള്ള അപേക്ഷ നൽകാവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് ഒരു കോഴ്സിന് ചേർന്ന് പഠനം നടത്തുന്നതിന് മാത്രം വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതാണ്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രസ്തുത വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമാക്കുന്നതിന് വരുമാന പരിധിയില്ല. പരമാവധി 25 ലക്ഷം രൂപയാണ് സ്കോളർഷിപ്പായി നൽകുന്നത്.

**<u>പഠന യാത്ര</u>**

മിടുക്കരായ 30 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും ഇന്ത്യയിലെ ചരിത്ര പ്രാധാന്യമുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുന്ന പദ്ധതിയാണ് ഭാരത ദർശൻ. കൂടാതെ പഠനത്തിൽ മികവു പുലർത്തുന്ന +2, ബിരുദ ബിരുദാനന്തര പ്രൊഫഷണൽ ഡിഗ്രി, ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്നവർക്കും പഠന വിനോദയാത്രയ്ക്ക് ധനസഹായം നൽകുന്നു.

**<u>അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി</u>**

സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ 5-ാം ക്ലാസ്സ് മുതലുള്ള ഉടർ പഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി.

**<u>മോഡൽ റസിഡൻഷ്യൽ സ്കൂൾ</u>**

പട്ടികവർഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പഠനാന്തരീക്ഷവും അധ്യാപനവും മികച്ചതാക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി, സ്കൂൾ റേഡിയോ, ലാംഗ്വേജ് ലാബ്, കംപ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം, സയൻസ് ലാബുകൾ, ഇ ബുക്ക് ലൈബ്രറി എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്

**<u>സാമൂഹ്യ പഠനമുറി</u>**

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠന സൗകര്യവും ലഘു ഭക്ഷണവും ഒരുക്കുന്നതിനായി 2017-18 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സാമൂഹ്യപഠനമുറി.

**സെക്ഷൻ ഓഫീസർ**